**<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>**
**<u>(ഹാജർ : ഷീബ ജോർജ്ജ് IAS)</u>**

തിരുവനന്തപുരം

ഉത്തരവ് നം:ഇ 5-2881/2020 SJD തീയതി: 13/01/2021

---

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ഡയറക്ടറേറ്റ്-വിജിലൻസ് സെൽ പുനഃസംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സ.ഉ(എം.എസ്)നം.47/09/SWD തിയതി:31.10.2009.
2. സ.ഉ(എം.എസ്)നം.71/2010/SWD തിയതി:24.09.2010.
3 വിജിലൻസ് വകുപ്പിലെ 21.02.2018 തിയതിയിലെ വിജി.സി2/344/2018-വിജി-നമ്പർ പരിപത്രം.
4 സാമൂഹ്യനീതി ഡയറക്ടറുടെ 05.04.2018 ലെ ഇ 5-4027/18 നം ഉത്തരവ്.
5 സാമൂഹ്യനീതി ഡയറക്ടറുടെ 17.07.2019 ലെ ഇ 5-8430/19 നം ഉത്തരവ്.
6 സാമൂഹ്യനീതി ഡയറക്ടറുടെ 24.08.2020 ലെ ഇതേ നം ഉത്തരവ്.

സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ഒരു വിജിലൻസ് സെൽ സ്ഥാപിച്ച്കൊണ്ടും ആയത് പുനഃക്രമീകരിച്ചുകൊണ്ടും പരാമർശം (1) (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.വകുപ്പുതല വിജിലൻസ് സെൽ രൂപീകരിക്കുന്നതിനും , നിലവിലുള്ളവ ശക്തിപ്പെടുത്തി വകുപ്പ് തല പരിശോധനകൾ ശക്തമാക്കുന്നതിനും ആയത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പരാമർശം (4) പ്രകാരം വിജിലൻസ് വകുപ്പ് പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) ,(5) പ്രകാരം ഡയറക്ടറേറ്റ് കാര്യാലയത്തിൽ 3 വിജിലൻസ് ടീമുകൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.വകുപ്പ് വിഭജനത്തിന്റെ ഭാഗമായി ജീവനക്കാരെ പുനർവിന്യസിച്ച സാഹചര്യത്തിൽ പരാമർശം (4) ഉത്തരവ് ഭേദഗതി വരുത്തി പരാമർശം (6) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സാമൂഹ്യനീതി വകുപ്പിൻ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സ്ഥാപനങ്ങളുടെ പ്രവർത്തന നിലവാരം വിലയിരുത്തുന്നതിനും 14 ജില്ലകളെ 3 റീജിയണുകളായി തിരിച്ച് (തിരുവനന്തപുരം ,കൊല്ലം,പത്തനംതിട്ട,ആലപ്പുഴ, ജില്ലകൾ ഉൾപ്പെടുന്ന **<u>തിരുവനന്തപുരം റീജിയൺ</u>**, ഇടുക്കി,എറണാകുളം ,കോട്ടയം,തൃശ്ശൂർ,പാലക്കാട് എന്നീ ജില്ലകൾ ഉൾപ്പെടുന്ന **<u>എറണാകുളം റീജിയൺ</u>** , കോഴിക്കോട് ,വയനാട്,മലപ്പുറം,കണ്ണൂർ ,കാസർഗോഡ് ജില്ലകൾ ഉൾപ്പെടുന്ന **<u>കോഴിക്കോട് റീജിയൺ</u>** )ചുവടെ ചേർക്കുന്ന രീതിയിൽ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി സാമൂഹ്യനീതി ഡയറക്ടറേറ്റിലെ വിജിലൻസ് സെൽ പുന :സംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ചുമതലപ്പെടുത്തുന്ന ടീം | വിജിലൻസ് സെൽ തലവന്റെ പേരും, ഉദ്യോഗപേരും | ടീമംഗങ്ങൾ | ചുമതല നൽകുന്ന റീജിയൺ |
|---|---|---|---|---|
| 1 | വിജിലൻസ് ടീം-1 | ശ്രീമതി ജലജ എസ് | 1.ശ്രീമതി ശ്രീജ ചന്ദ്രൻ , | തിരുവനന്തപുരം |

| | | | | |
|---|---|---|---|---|
| | | ജോയിന്റ് ഡയറക്ടർ | ജൂനിയർ സൂപ്രണ്ട്<br>2.ശ്രീ ശ്രീകുമാർ ജി, സീനിയർ ക്ലാർക്ക്. | റീജിയൺ |
| 2 | വിജിലൻസ് ടീം-2 | ശ്രീമതി.പ്രീതി വിൽസൺ , അസിസ്റ്റന്റ് ഡയറക്ടർ | 1.ശ്രീമതി സിന്ധു എം പി , ജൂനിയർ സൂപ്രണ്ട്.<br>2.ശ്രീ ഓസ്റ്റിൻ പെരേര , സീനിയർ ക്ലാർക്ക് | എറണാകുളം റീജിയൺ |
| 3 | വിജിലൻസ് ടീം-3 | ശ്രീ സുഭാഷ് കുമാർ കെ വി , അസിസ്റ്റന്റ് ഡയറക്ടർ | 1.ശ്രീ അജിലാൽ എസ് , ജൂനിയർ സൂപ്രണ്ട്<br>2.ശ്രീ വിനോദ് കുമാർ വി , സീനിയർ ക്ലാർക്ക് | കോഴിക്കോട് റീജിയൺ |

ടീമുകൾ സാമൂഹ്യനീതി ഡയറക്ടർ ചുമതലപ്പെടുത്തും പ്രകാരം ജില്ലകളിലെ ക്ഷേമ സ്ഥാപനങ്ങൾ സന്ദർശിച്ച് പരിശോധന നടത്തുക,ബന്ധപെട്ട ജില്ലകളിൽ ലഭിക്കുന്ന പരാതികൾ വകുപ്പിൽനിന്നും ഉള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തി ഉത്തരവ് തിയതി മുതൽ 2 ആഴ്ച്ചയ്ക്കകം റിപ്പോർട്ട് സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിയ്ക്കേണ്ടതുമാണ്.

**(ഒപ്പ്)**
**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്.

<u>പകർപ്പ് :</u>

1. ഡയറക്ടറുടെ സി.എ.
2. സ്റ്റോക്ക് ഫയൽ/സ്പെയർ.

**ഉത്തരവിൻ പ്രകാരം**

സൂപ്രണ്ട്